പിരിച്ചുവിടപ്പെട്ടവർ

*ക്ഷ ക്ഷ ന്യ. (വ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

അഞ്ചലും തപാലും ഡിപ്പാർട്ട്മെണ്ടുകളും യോജിപ്പിക്കുന്നതു നിമിത്തം എത്ര ആളുകൾക്കു ഉദ്യോഗം ഇല്ലാതാകും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഇതിനേപ്പറ്റിയും വിശദവിവരങ്ങളും കേന്ദ്രഗവൺമെൻറിൽനിന്നും ലഭിച്ചിട്ടില്ല.

ശ്രീ. മന്നാർഗോപാലൻ നായർ: സംയോജനം വരുമ്പോൾ നാൻഡിപ്പാർട്ടുമെൻറൽ അഞ്ചലാഫീസുകൾ എന്തുചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നതു?

ശ്രീ. സി. കേശവൻ: അതും ഇൻഡ്യാഗവൺമെൻറ് തീരുമാനിക്കേണ്ട ഒരു കാര്യമാണ്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: വിശദവിവരങ്ങളും ലഭിച്ചിട്ടില്ലെന്നു പറഞ്ഞു. എന്നാൽ എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കിട്ടിയ വിവരങ്ങളെല്ലാം ഇന്നലെത്തന്നെ പ്രസ്താവിച്ചുകഴിഞ്ഞു. അതിൽപിന്നെ ഒരു വിവരവും ലഭിച്ചിട്ടില്ല. ഇപ്പോൾ എജൻസി ബേസിസിലാണ് നാം നടത്തിക്കൊണ്ടിരിക്കുന്നതു. വരുന്ന ഏപ്രിൽമുതൽ അതു ഇൻഡ്യാഗവൺമെൻറ് ഏറ്റെടുക്കുന്നു. അതുമാത്രമേ ഇപ്പോൾ പറയാൻ സാധിക്കുകയുള്ളൂ. ഏതായാലും കഴിവുള്ളിടത്തോളം ഇപ്പോഴുള്ള അഞ്ചലാഫീസുകളെല്ലാം തുടർന്നുകൊണ്ടുപോകണമെന്നു ഇൻഡ്യാഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: സംയോജനം മൂലം നാൻഡിപ്പാർട്ടുമെൻറൽ അഞ്ചലാഫീസുകളിലെ മാസ്റ്റർമാർക്ക് ശമ്പളം കുറച്ചതായി അറിയാമോ?

ശ്രീ. സി. കേശവൻ: ഗവൺമെൻറിനറിവില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: സംയോജനം കാരണം ഇവിടെയുള്ള അഞ്ചലാഫീസുകളിലുള്ളവർക്ക് വെളിയിൽപോയി ജോലിചെയ്യേണ്ടി വന്നേക്കുമോ?

ശ്രീ. സി. കേശവൻ: പക്ഷെവന്നേക്കാം. എന്നാൽ കഴിയുന്നതും അവരെ വെളിയിലയക്കാതിരിക്കാൻ നോക്കാമെന്നു അവർ ഏറ്റിട്ടുണ്ട്. ചിലപ്പോൾ അവർക്ക് ഉദ്യോഗംവേണമെങ്കിൽ വെളിയിൽ പോകേണ്ടിയും വരും.

ട്രേനയകമ്മിറ്റി

*ക്ഷ ക്ഷ ഹ. (ൻ) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ്വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ട്രേനയകമ്മിറ്റിക്കുവേണ്ടി ആകെ എത്ര സംഖ്യ ചെലവായിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) ട്രേനയകമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് ഗവൺമെൻറിൽ നിന്നും എന്തെങ്കിലും നടപടികൈക്കൊള്ളുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ?

നിയമവും, ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഈ സെഷനിൽതന്നെ ഇതിനു രണ്ടു പ്രാവശ്യം ഉത്തരംപറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly